# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 144 09.06.2014-ൽ മറുപടിയ്ക്ക്

## ഓപ്പറേഷൻ കുബേര

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ | | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ അമിതപലിശക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ ഇടയാക്കിയ സാഹചര്യങ്ങൾ വെളിപ്പെടുത്തുമോ; | (എ) | അനധികൃതമായി അമിത പലിശയ്ക്ക് പണം കടം കൊടുത്തുകൊണ്ട് ഗുണ്ടായിസത്തിലൂടെയും മറ്റും സമ്മർദ്ദം ചെലുത്തി വസ്തു വകകളും മുദ്രപ്പത്രങ്ങളും ബ്ലാങ്ക് ചെക്കുകളും ഒപ്പിട്ടു വാങ്ങുകയും അത്തരം മാർഗ്ഗങ്ങളിലൂടെ സ്വത്തു വകകളും മറ്റും കൈവശപ്പെടുത്താൻ ശ്രമിക്കുന്നത് സംസ്ഥാനത്ത് വ്യാപിക്കുന്നതായി ശ്രദ്ധയിൽപ്പെടുകയും ഇതുമൂലം കൂട്ട ആത്മഹത്യകൾ ഉണ്ടാകുകയും ചെയ്തു. ഇതൊരു സാമൂഹിക വിപത്തായി കണ്ടുകൊണ്ട് ഇത്തരം പ്രവർത്തനങ്ങൾ തടയാനായി 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ അമിതപ്പലിശക്കാർക്കെതിരെ റെയ്ഡ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു. |
| (ബി) | ഇതിനോടനുബന്ധിച്ച് എന്തൊക്കെ നടപടികൾ ഇതു വരെ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ; | (ബി) | അമിതപ്പലിശ ഈടാക്കി പണമിടപാട് നടത്തിവരുന്ന നിയമപരമല്ലാത്ത സ്ഥാപനങ്ങളിലും വ്യക്തികളുടെ വീടുകളിലും നിയമപരമായി റെയ്ഡുകൾ നടത്തി തെളിവുകൾ ശേഖരിച്ച് കേസുകൾ രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്ത് കർശന നിയമ നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) | അമിതപ്പലിശക്കാർ ബലം പ്രയോഗിച്ചും ഭീഷണിപ്പെടുത്തിയും തട്ടിയെടുത്ത ഭൂമിയും, വാസസ്ഥലങ്ങളുൾപ്പെടെയുള്ള വസ്തുവകകളും, ഉടമകൾക്ക് തിരിച്ചുനൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (സി) | ഇക്കാര്യത്തിൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

(ഡി) സംസ്ഥാനത്ത് ഇതുവരെ എത്ര പേർക്കെതിരെ ഓപ്പറേഷൻ കുബേര പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

(ഡി) സംസ്ഥാനത്ത് ഇതുവരെ 1481 പേർക്കെതിരെ ഓപ്പറേഷൻ കുബേര പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ